"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ മൈനാഗപ്പള്ളി വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2480/2025/RD തീയതി,തിരുവനന്തപുരം, 27-10-2025

---

പരാമർശം:-

1. 07-08-2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10-01-2022 തീയതിയിലെ സ.ഉ.(എം.എസ്)നം.1/2022/പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 29-09-2025 തീയതിയിലെ LR/6574/2024-LR(G7) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിലെ മൈനാഗപ്പള്ളി വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് ആയി മാറ്റുന്നതിന്റെ ഭാഗമായി 05/09/2019 മുതൽ 28/01/2021 വരെ ശ്രീമതി.സിന്ധു.ഡി, ഗോകുലം, ഇടവനശ്ശേരി, മൈനാഗപ്പള്ളി, എന്ന കക്ഷിയുടെ ഉടമസ്ഥതയിലുള്ള മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ റീ സർവ്വേ നം. 147/7 ൽ ഉൾപ്പെട്ട 17/97-ാം നമ്പർ കെട്ടിടത്തിലാണ് വാടകയ്ക്ക് പ്രവർത്തിച്ചിരുന്നത്.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ Admissible carpet area ആയ 23.978 ച.മീറ്ററിന് ആനുപാതികമായി 5,550/- രൂപയും കെട്ടിടത്തിന്റെ Occupied Carpet area ആയ 55.27 ച.മീറ്ററിന് ആനുപാതികമായി 12,793/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. കുന്നത്തൂർ താലൂക്കിലെ ഏറ്റവും തിരക്ക് കൂടിയ വില്ലേജ് ഓഫീസായ മൈനാഗപ്പള്ളി വില്ലേജിൽ എത്തി ചേരുന്ന പൊതുജനങ്ങളുടെ ആവശ്യങ്ങൾ സുഗമമായി നിർവഹിക്കുന്നതിനും ബന്ധപ്പെട്ട റിക്കാർഡുകളും ഫയലുകളും സൂക്ഷിക്കുന്നതിനും കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പറ്റ് ഏരിയ ആയ 55.27 ച.മീറ്റർ പൂർണ്ണമായും ഉപയോഗിക്കേണ്ടത് അത്യാവശ്യമായതിനാൽ ടി കാർപ്പറ്റ് ഏരിയയ്ക്ക് വേണ്ടി വരുന്ന 12,793/-രൂപ വാടകയായി നിർണ്ണയിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ മൈനാഗപ്പള്ളി വില്ലേജ് ഓഫീസ് 05/09/2019 മുതൽ 28/01/2021 വരെ പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടത്തിന്റെ

ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 55.27 ച.മീ ന് ആനുപാതികമായി 12,793/-രൂപ (പന്ത്രണ്ടായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) സ്പെഷ്യൽ റെന്റ് ആയി നിർണ്ണയിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 28-10-2025 16:12:02